# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3383 | | 08.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം നഗരത്തിലെ അമൃത് പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | അമൃത് പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിന് എത്ര കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചുകിട്ടിയതെന്ന് വ്യക്തമാക്കുമോ; | (എ) | 357.50 കോടി രൂപയുടെ 275 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| (ബി) | ഇതിൽ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 357.35 കോടി രൂപയുടെ 275 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br>പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ശുദ്ധജല വിതരണ സെക്ടറിലെ 45 പദ്ധതികൾക്ക് 99.04 കോടി രൂപയുടെ ഭരണാനുമതിയും 97.46 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 97.46 കോടി രൂപയ്ക്ക് ടെന്റർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. ഈ മേഖലയിലെ എല്ലാ പ്രവൃത്തികളുടെയും നിർമ്മാണം നടത്തുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. 12 പ്രവൃത്തികൾ പൂർത്തീകരിച്ചു. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 38.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>സെപ്റ്റേജ് ആന്റ് സിവറേജ് മാനേജ്മെന്റ് സെക്ടറിലെ 112 പദ്ധതികൾക്ക് 159.66 കോടി രൂപയുടെ ഭരണാനുമതിയും, 151.57 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 147.57 കോടി രൂപയുടെ 111 പദ്ധതികൾക്ക് ടെന്റർ ക്ഷണിച്ചിട്ടുള്ളതുമാണ്. 91.65 കോടി രൂപയുടെ 92 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 38 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയാണ് ടി സെക്ടറിലെ എല്ലാ പദ്ധതികളും നിർവ്വഹിക്കുന്നത്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 25.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ 110 പദ്ധതികൾക്ക് 61.07 കോടി രൂപയുടെ ഭരണാനുമതിയും 48.7 കോടി രൂപയുടെ സാങ്കോതികാനുമതിയും ലഭിച്ചിട്ടുള്ളതും 48.7 കോടി രൂപയുടെ ടെന്റർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. ഈ മേഖലയിലെ എല്ലാ പ്രവൃത്തികളും കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്. 55 പ്രവൃത്തികൾ പൂർത്തിയായി. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 23.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ 4 പദ്ധതികൾക്ക് 31.73 കോടി രൂപയുടെ ഭരണാനുമതിയും, 28.73 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 28.73 കോടി രൂപയുടെ ടെന്റർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. ഈ മേഖലയിലെ 4 പ്രവൃത്തികളുടെയും നിർമ്മാണം നടത്തുന്നത് കോർപ്പറേഷനാണ്. ഒരു പ്രവൃത്തി പൂർത്തീകരിച്ച നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 0.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പാർക്ക് സെക്ടറിലെ 4 പദ്ധതികൾക്ക് 5.85 കോടി രൂപയുടെ ഭരണാനുമതിയും, 5.85 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും 5.85 കോടി രൂപയ്ക്ക് ടെന്റർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതുമാണ്. പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് കോർപ്പറേഷനാണ്. ഇതിൽ 1 പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ടി സെക്ടറിലെ പദ്ധതികൾക്കായി 0.30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | എത്ര പദ്ധതികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്; പൂർത്തീകരിച്ച പദ്ധതികളുടെയും നിർവ്വഹണം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | 328.31 കോടി രൂപയുടെ 274 പദ്ധതികളുടെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 272.39 കോടി രൂപയുടെ 255 വർക്കുകൾ അവാർഡ് ചെയ്തതിൽ 107 വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്(കേരള വാട്ടർ അതോറിറ്റി 50 വർക്കും, കോർപ്പറേഷൻ 57 വർക്കും പൂർത്തീകരിച്ചു). 126 വർക്കുകളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. (കേരള വാട്ടർ അതോറിറ്റി 74 വർക്കും കോർപ്പറേഷൻ 52 വർക്കും) |
| (ഡി) | പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | നാളിതുവരെ പദ്ധതികൾക്കായി 88.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ